# ധാർമ്മികമായ ഒറ്റപ്പെടുത്തൽ

**അരുൺ ജെയ്റ്റ്ലി,**
(പ്രതിപക്ഷ നേതാവ്, രാജ്യസഭ)

ഏതാണ്ട് രണ്ടു മാസം മുമ്പ് ഗുജറാത്തിലെ സ്നൂപ്പ് ഗേറ്റിനെക്കുറിച്ച് അന്വേഷിക്കുന്നതിന് കേന്ദ്ര സർക്കാർ ഒരു അന്വേഷണക്കമ്മിഷനെ നിയമിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇക്കാര്യം അന്വേഷിക്കാൻ ഗുജറാത്ത് സർക്കാർ ഒരു അന്വേഷണക്കമ്മിഷനെ നിയമിക്കുകയും ചെയ്തിരുന്നു. തീരുമാനത്തിനു പിന്നിൽ കേന്ദ്ര സർക്കാരിന് രാഷ്ട്രീയ ലക്ഷ്യം കൂടിയുണ്ടായിരുന്നു. ഗുജറാത്ത് സർക്കാരിനെയും പ്രധാനമന്ത്രി സ്ഥാനാർത്ഥിയായ നരേന്ദ്ര മോദിയെയും അപകീർത്തിപ്പെടുത്തുക എന്നതായിരുന്നു അത്. കേന്ദ്ര സർക്കാരിന്റെ പൂർണ്ണമായ അധികാര ദുരുപയോഗത്തിനു പുറമേ കേന്ദ്രം നിയമിച്ച അന്വേഷണക്കമ്മീഷൻ ധാർഷ്ട്യവും പകവീട്ടലും ലക്ഷ്യമാക്കിയാണ് പ്രവർത്തിച്ചിരുന്നത്. കഴിഞ്ഞ പത്തുവർഷമായി ധാർഷ്ട്യം യുപിഎ സർക്കാരിന്റെ മുഖമുദ്രയായി മാറിക്കഴിഞ്ഞു. രാഷ്ട്രീയ അധഃപതനത്തിന്റെ ആക്കമാണ് ഇത് കാണിക്കുന്നത്. വിനയം ഇവരുടെ പരിഗണനയിലേ ഇല്ല. ഈ ധാർഷ്ട്യം സമൂഹത്തിൽനിന്ന് ഇവരെ ഒറ്റപ്പെടുത്തുന്നു. ഇവരുടെ പ്രവൃത്തികൾ സമൂഹത്തിന് സ്വീകാര്യമാകുന്നുമില്ല.

ആ കമ്മീഷന് എന്താണ് സംഭവിച്ചത്? സർവീസിൽ നിന്നും വിരമിച്ച ജഡ്ജിമാരെ കമ്മിഷന്റെ തലവനാകുവാൻ സർക്കാർ ഒന്നിനു പിറകെ ഒന്നായി സമീപിച്ചെങ്കിലും രാഷ്ട്രീയലക്ഷ്യമുള്ള പ്രവൃത്തി എന്ന കാരണത്താൽ ഈ കമ്മീഷനെ നയിക്കാൻ അവരാരും തയ്യാറായില്ല. തുടർന്ന് പെൻഷനായ ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരെ സമീപിച്ചു. അവരും ഇങ്ങനെയുള്ള ഒരു കമ്മീഷനെ നിയമിക്കാൻ തയ്യാറല്ലെന്ന് കമ്മിഷനെ വ്യക്തമായി അറിയിച്ചു. ഈ അധികാരക്കസർത്തിൽ മറ്റുള്ളവരിൽ നിന്ന് സഹകരണം ലഭിക്കാതെ സർക്കാർ ഈ വിഷയത്തിൽ തികച്ചും ഒറ്റപ്പെടുകയുണ്ടായി.

ഇതുപോലെതന്നെയാണ് ലോക്പാൽ ചെയർമാനെയും അംഗങ്ങളെയും തിരഞ്ഞെടുക്കുന്ന കാര്യത്തിലും സംഭവിച്ചത്. പ്രധാനമന്ത്രിയും സെലക്ഷൻ കമ്മിറ്റിയിലെ മറ്റംഗങ്ങളും പ്രശസ്തരായ ജസ്റ്റിസ് വെങ്കിടാചലയ്യ, ഫാലി എസ്. നരിമാൻ, സോലി എസ്. സൊറാബ്ജി, കെ. പരാശരൻ, കെ.കെ. വേണുഗോപാൽ, ഹാരിഷ് സാൽവേ എന്നിവരെ ജൂറി വിഭാഗത്തിൽ ഉൾപ്പെടുത്താൻ തയ്യാറായില്ല. അന്വേഷണക്കമ്മിഷനെ നിയമിച്ചുകഴിഞ്ഞപ്പോൾ സർക്കാർ നിർദ്ദേശിച്ച മൂന്നു വക്കീലന്മാരിൽ ചിലരെ അതിൽ അംഗമാക്കാൻ അവർ നിർദ്ദേശിച്ചു. എന്നാൽ ശ്രീമതി സുഷമ സ്വരാജ് ഈ നിർദ്ദേശത്തെ എതിർത്തു.

2014 ജനുവരി 20-ാം തീയതിയിലെയും 30-ാം തീയതിയിലെയും കത്തുകളിലൂടെ ലോക്പാലിലും ലോകായുക്തയിലും ഉൾപ്പെടുത്തിയിട്ടുള്ള നിയമങ്ങൾ ഈ രണ്ടു നിയമനങ്ങൾക്കും എതിരാണെന്ന് ഞാൻ പ്രധാനമന്ത്രിയോട് അപേക്ഷിക്കുകയുണ്ടായി. എന്നാൽ, സർക്കാർ സെലക്ഷൻ കമ്മിറ്റിയുടെ അധികാരങ്ങൾ കവർന്നെടുക്കുകയായിരുന്നു. ഇതിലൂടെ സെലക്ഷൻ കമ്മിറ്റിയുടെ കർത്തവ്യം വെറുമൊരു ഗുമസ്തപ്പണിയിലേക്ക് മാറി. എന്റെ എതിർപ്പുകളെ ഒരു പരിഗണനയും അർഹിക്കാതെ തള്ളുകയും ചെയ്തു. ഡിപ്പാർട്ട്മെന്റ് ഒഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ് വകുപ്പ് അന്വേഷണക്കമ്മിഷന്റെ അധികാരങ്ങൾ കൈപ്പിടിയിലാക്കിയെന്ന് ഞാൻ വാദിക്കുകയുണ്ടായി. ലോക് പാൽ അംഗങ്ങളെ തിരഞ്ഞെടുക്കുന്ന കമ്മിറ്റിയുടെ ഒരു യോഗവും തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങളെക്കുറിച്ച് തീരുമാനമെടുത്തില്ല. ലോക്പാൽ അദ്ധ്യക്ഷനായും അംഗങ്ങളായും പ്രശസ്തരായ വ്യക്തികളെ ക്ഷണിക്കേണ്ടതായിരുന്നു.

ഫാലി എസ്. നരിമാനും ജസ്റ്റിസ് കെ.ടി. തോമസും അവരെ അന്വേഷണക്കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതിനെ നിരസിച്ചു. അന്വേഷണക്കമ്മിറ്റിയിൽ യോഗ്യരായ വ്യക്തികളെ ഉൾപ്പെടുത്താത്തതിനാൽ ഈ കമ്മീഷൻ അതിന്റെ പ്രവർത്തനലക്ഷ്യം നേടുകയില്ല എന്നവർ വിശ്വസിച്ചു. ലോക്പാലിന്റെ ആവിർഭാവത്തിനു മുമ്പുതന്നെ ആ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന് കോട്ടം സംഭവിച്ചുകഴിഞ്ഞു. പ്രശസ്തരും സ്വതന്ത്രചിന്താഗതിക്കാരുമായ വ്യക്തികൾ അന്വേഷണക്കമ്മിറ്റിയിൽ പങ്കെടുക്കാൻ എതിർപ്പ് പ്രകടിപ്പിച്ചതിലൂടെ സർക്കാരിന്റെ ലക്ഷ്യപ്രാപ്തിയിൽ സംശയം ജനിപ്പിക്കുകയും അതിലൂടെ ധാർമ്മികമായ ഒറ്റപ്പെടുത്തൽ പൂർണ്ണമാകുകയും ചെയ്തു.